# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4178 — **03.02.2014 -ൽ മറുപടിയ്ക്ക്**

## കാസറഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതി

| **ചോദ്യം**<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | **ഉത്തരം**<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | കാസറഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതി പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | എ) | കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. ടി പദ്ധതി വരുകയാണെങ്കിൽ ജല സംഭരണിയിൽ വെള്ളം നിറയ്ക്കുമ്പോൾ കൂടുതൽ സ്ഥലങ്ങൾ മുങ്ങിപ്പോകുമെന്ന ഭീഷണിയുള്ളതിനാൽ നാട്ടുകാർ ഈ പദ്ധതിയെ എതിർത്തിരുന്നു. ടി പദ്ധതിക്കായി പ്രവർത്തിച്ചിരുന്ന ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ 28.11.2008-ലെ G.O.(MS) No.54/2008/WRD പ്രകാരം നിർത്തലാക്കി. നിലവിൽ ഇതിനു വേണ്ടി ഒരു കാര്യാലയവും പ്രവർത്തിക്കുന്നില്ല. |
| ബി) | ഇതിനായി പ്രത്യേക ഓഫീസും ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനവും ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ? | ബി) | ഇതിനായി പ്രത്യേക ഓഫീസും ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനവും ഇപ്പോൾ നിലവിലില്ല. അവ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവു പ്രകാരം നിർത്തലാക്കി. |

സെക്ഷൻ ഓഫീസർ